## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2487** **15-10-2024 - ൽ മറുപടിയ്ക്ക്**

## കാസർഗോഡ് ചെങ്കൽ വ്യവസായ മേഖല

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ചെങ്കൽ വ്യവസായ മേഖലയിൽ സ്തംഭനാവസ്ഥ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ നടത്തിയ ഇടപെടലുകളും ശ്രമങ്ങളും വിശദമാക്കാമോ; | (എ) | ഉണ്ട്. കാസർഗോഡ് ഉൾപ്പെടെയുള്ള ജില്ലകളിലെ ചെങ്കൽ മേഖല അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി കേരള സംസ്ഥാന ചെങ്കൽ ഉത്പാദക മേഖലയിൽ നിന്നും ആറ് അംഗങ്ങളും, അഞ്ച് ജിയോളജി ഉദ്യോഗസ്ഥരുമടങ്ങുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. ടി കമ്മിറ്റി സമർപ്പിച്ച ശുപാർശകളിൽ കൂടുതൽ ശാസ്ത്രീയ പഠനത്തിന് വേണ്ടി 12.07.2024-ലെ സ.ഉ.(സാധാ)നം.592/2024/വ്യവ ഉത്തരവ് പ്രകാരം മൈനിംഗ് & ജിയോളജി ഡയറക്ടർ അദ്ധ്യക്ഷനായി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി നൽകിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയുമാണ്. |
| (ബി) | നിയമപരമായി ഖനനാനുമതി ലഭിച്ച എത്ര ചെങ്കൽ ക്വാറികൾ കാസർഗോഡ് ജില്ലയിലുണ്ടെന്ന് വ്യക്തമാക്കാമോ; ഈ ക്വാറികളിൽ നിന്ന് ലഭ്യമാകുന്ന ചെങ്കല്ലുകൾ മാത്രം ജില്ലയിലെ ആവശ്യങ്ങൾക്ക് മതിയാകുമോ എന്ന് വ്യക്തമാക്കുമോ; | (ബി) | ജില്ലയിൽ ഖനനാനുമതി ഉള്ള ചെങ്കൽ ക്വാറികൾ നിലവിലില്ല. |
| (സി) | നിയമപ്രകാരം ഖനനാനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ഖനനാനുമതിക്കായി പുതുതായി എത്ര അപേക്ഷകൾ കാസർഗോഡ് ജില്ലയിൽ ലഭിച്ചിട്ടുണ്ടെന്നും ഈ അപേക്ഷകൾ തീർപ്പാകാതെ എത്രകാലമായി തുടരുന്നുവെന്നും വ്യക്തമാക്കാമോ; | (സി) | ചെങ്കൽ ഖനനത്തിനായുള്ള അപേക്ഷ സ്ഥലം ഒരു ഹെക്ടറിൽ താഴെയാണെങ്കിൽ ക്വാറിയിങ് പെർമിറ്റിനും ഒരു ഹെക്ടറിന് മുകളിലാണെങ്കിൽ ക്വാറിയിങ് ലീസിനുമാണ് അപേക്ഷിക്കേണ്ടത്. ചെങ്കൽ ക്വാറികൾക്കു ക്വാറിയിംഗ് പെർമിറ്റ് ലഭിക്കുന്നതിനായാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ 2015 ലെ കെഎംഎംസി ചട്ടങ്ങളിലെ ചട്ടം 4 ൽ പരാമർശിച്ചിട്ടുള്ള ഫോറം എ യിലുള്ള അപേക്ഷയും, 1000 രൂപ ഫീസ് അടച്ച രസീതും, വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ച സർവ്വേ മാപ്പ്, കൈവശാവകാശ സർട്ടിഫിക്കറ്റ്, (മറ്റ് ഏതെങ്കിലും വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള ഭൂമി ആണെങ്കിൽ |

ബന്ധപ്പെട്ട വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം), ഡീമാർക്കേഷൻ സർട്ടിഫിക്കറ്റ്, ഖനനാനുമതിക്കായി അപേക്ഷിച്ച സ്ഥലം മറ്റാവശ്യങ്ങൾക്ക് പതിച്ചു നല്കിയതല്ല എന്ന് സൂചിപ്പിച്ചുകൊണ്ടുള്ള നോൺ അസൈൻമെൻറ് സർട്ടിഫിക്കറ്റ്, ഭൂവുടമയുടെ നോട്ടറി സാക്ഷ്യപ്പെടുത്തിയ 200 രൂപ മുദ്രപത്രത്തിൽ ഉള്ള സമ്മതപത്രം, ജനറൽ അഫിഡവിറ്റ്, അപേക്ഷകരുടെയും ഉടമയുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ ആധാർ കാർഡിന്റെ പകർപ്പ്, കമ്പനി ആണെങ്കിൽ മെമ്മോറാണ്ടം ഓഫ് ആർട്ടിക്കിൾസ് ആൻഡ് അസോസിയേഷൻ റെസല്യൂഷൻ, പാർട്ണർഷിപ് ആണെങ്കിൽ പാർട്ണർഷിപ് deed തുടങ്ങിയവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ രേഖകൾ വകുപ്പിന്റെ ജില്ലാ ഓഫീസിൽ ഹാജരാക്കുമ്പോൾ ബന്ധപ്പെട്ട ജില്ലാ ആഫീസിൽ നിന്നും അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ച് സ്ഥലപരിശോധന നടത്തി പെർമിറ്റ് അനുവദിക്കുന്നതിന്റെ ആദ്യപടിയായി അംഗീകരിച്ച മൈനിങ് പ്ലാനും ഉൾപ്പടെ മറ്റു വകുപ്പുകൾ അനുവദിക്കുന്ന സ്റ്റാറ്റ്യൂട്ടറി ലൈസൻസുകൾ ഹാജരാക്കുന്നതിനായുള്ള കെഎംഎംസി ചട്ടം 8 പ്രകാരമുള്ള ലെറ്റർ ഓഫ് ഇൻഡൻറ് (Letter of intent - LOI) അനുവദിക്കുകയും ചെയ്യുന്നു. ലെറ്റർ ഓഫ് ഇൻഡൻറ് പ്രകാരം ആവശ്യപ്പെട്ട എല്ലാ രേഖകളും, 2023ലെ കെ.എം.എം.സി ഭേദഗതി ചട്ട പ്രകാരം വസ്തു ഉടമ അപേക്ഷകൻ അല്ലെങ്കിൽ വസ്തു ഉടമയുമായുള്ള കരാർ രജിസ്ട്രേഷൻ വകുപ്പിൽ രജിസ്റ്റർ ചെയ്തതിന്റെ പകർപ്പ് എന്നിവ ഹാജരാക്കുന്ന മുറയ്ക്ക് ജില്ലാ ഓഫീസിൽ നിന്ന് തന്നെ പെർമിറ്റ് അനുവദിക്കുന്നു. മൂവ്മെന്റ് പെർമിറ്റ് അനുവദിക്കുന്നതിന് മുമ്പായി സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്ക് അനുസരിച്ച് ബാങ്ക് ഗ്യാരന്റിയും, റോയൽറ്റിയും അപേക്ഷകൻ ഒടുക്കേണ്ടതായിട്ടുണ്ട്.

ക്വാറിയിങ് ലീസിനാണെങ്കിൽ 2015 ലെ കെഎംഎംസി ചട്ടങ്ങളിലെ ചട്ടം 27 ൽ പരാമർശിച്ചിരിക്കുന്ന ഫോറം ബി യിലുള്ള അപേക്ഷയോടൊപ്പം അപേക്ഷാ ഫീസായി 10,000 രൂപയും, തഹസിൽദാറിൽ നിന്നുള്ള സർവ്വേ സ്കെച്ചും, ഇൻകം ടാക്സ് അഫിഡവിറ്റ് /ലേറ്റസ്റ്റ് ഫയൽ ചെയ്തതിന്റെ പകർപ്പ് എന്നിവ കൂടി ക്വാറിയിങ് പെർമിറ്റിനായുള്ള അപേക്ഷയ്ക്ക് സമർപ്പിക്കേണ്ട രേഖകൾക്ക് പുറമേ അപേക്ഷകൻ ഹാജരാക്കേണ്ടതായിട്ടുണ്ട്. ലീസിനായി അപേക്ഷകൾ ജില്ലാ

| | | | |
|---|---|---|---|
| | | | ഓഫീസിൽ നിന്നും പരിശോധന നടത്തി വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലേക്ക് അയക്കുകയും അവിടെനിന്നും ലെറ്റർ ഓഫ് ഇൻഡന്റും തുടർന്ന് ലീസും അനുവദിക്കുന്നതാണ്.<br><br>2023-24 സാമ്പത്തിക വർഷം മുതൽ ഇതുവരെ ചെങ്കൽ ഖനനാനുമതിക്കായി 13 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 10 എണ്ണത്തിന് ലെറ്റർ ഓഫ് ഇന്റന്റ് അനുവദിച്ചിട്ടുണ്ട്. ബാക്കി 3 എണ്ണം അപാകത പരിഹരിക്കുന്നതിന് അപേക്ഷകന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ചെങ്കൽ ക്വാറികൾക്ക് പെർമിറ്റ് അനുവദിക്കുന്നതിൽ നിയമങ്ങൾ കർശനമാക്കിയും വലിയ തുക പിഴ ചുമത്തിയും ക്വാറി ഉടമകളെയും തൊഴിലാളികളെയും ബുദ്ധിമുട്ടിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ചെങ്കൽ മേഖലയിലെ വിശിഷ്യാ നിർമ്മാണ മേഖലയിലെ സ്തംഭനാവസ്ഥ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ഡി) | ഇല്ല, ചെങ്കൽ മേഖലയിലെ വിവിധ വിഷയങ്ങളെ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി രൂപീകരിച്ച വിദഗ്ധ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ഇ) | പരിശോധനയ്ക്കിടെ പിടിക്കപ്പെട്ട വാഹനങ്ങൾ ഇപ്പോൾ എത്ര ദിവസത്തിനകമാണ് നടപടി പൂർത്തിയാക്കി വിട്ടു നൽകുന്നതെന്നും അത് വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ; | (ഇ) | 2015 ലെ കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 108 പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് അനധികൃത കടത്തിന് കസ്റ്റഡിയിൽ എടുക്കുന്ന വാഹനങ്ങളുടെ ഉടമ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി പിഴ ഒടുക്കുന്ന പക്ഷം അപ്പോൾ തന്നെ നടപടി പൂർത്തിയാക്കി വാഹനം വിട്ടു നൽകാറുണ്ട്. |
| (എഫ്) | കാസർഗോഡ് ജില്ലയിൽ ചെങ്കൽ ക്വാറികളായ ഭൂമിയുടെ അഭാവമുള്ളതിനാൽ മറ്റ് ആവശ്യങ്ങൾക്ക് പട്ടയം നൽകിയ ഭൂമിയിൽ ചെങ്കൽ ക്വാറികൾ നടത്താൻ അനുമതി നൽകുമോ യെന്ന് വ്യക്തമാക്കാമോ? | (എഫ്) | ഇത്തരം ഒരു പ്രൊപ്പോസൽ നിലവിൽ സർക്കാർ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ